**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3646** **09-10-2025 - ൽ മറുപടിയ്ക്ക്**

**മോര്യാ കാപ്പ് നവീകരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ കാർഷിക ജലസേചന പദ്ധതിയായ മോര്യ കാപ്പ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | മോര്യ കാപ്പ് നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവർ സംയുക്തമായി സ്ഥലം സന്ദർശിച്ച് കർഷകരുമായും പാടശേഖര സമിതി ഭാരവാഹികളുമായി ചർച്ച നടത്തി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രദേശത്തെ 5.75 ഏക്കർ വിസ്തൃതിയുള്ള കുളം 2.5 മീറ്റർ താഴ്ചയിൽ മണ്ണ് എടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിന്റെ ചുറ്റും ബണ്ട് നിർമ്മിക്കുന്നതിനും കുളത്തിന്റെ സൈഡ് കരിങ്കല്ല് വെച്ച് ഭിത്തികെട്ടുന്നതിനും, നാല് തോടുകൾ ആഴം കൂട്ടുന്നതിനും നാല് നമ്പർ വി.സി.ബി. നിർമ്മിക്കുന്നതിനും പമ്പ് ഹൗസ് നിർമ്മിക്കുന്നതിനും പൈപ്പ് വഴി ജലസേചന സൗകര്യം ഒരുക്കുന്നതിനും വേണ്ടി പുതുക്കി തയ്യാറാക്കിയ 6 കോടി 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി ഡി.പി.ആർ. തയ്യാറാക്കിവരുന്നു. |
| (ബി) | പദ്ധതിയുടെ നവീകരണവുമായി ബന്ധപ്പെട്ട് കൃഷിവകുപ്പ് തയ്യാറാക്കിയ പ്രൊപ്പോസൽ അടങ്ങിയ ഫയലിന്റെ നിലവിലെ സ്ഥിതി, പ്രവർത്തി ആരംഭിക്കുന്നതിന് ഇനിയും ആവശ്യമായ അനുമതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | പ്രൊപ്പോസൽ അന്തിമമാക്കിയിട്ടില്ല. |
| (സി) | ടി പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ പൂർത്തികരിച്ച നടപടികളുടെ വിശദാംശങ്ങൾ ഫയൽ നമ്പറുകൾ സഹിതം വ്യക്തമാക്കാമോ? | (സി) | പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ഫയൽ നമ്പർ ADFW/PAO/MLM/616/2024-TB4 പരപ്പനങ്ങാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഫയൽ നമ്പർ A -85/ 2018 എന്നിവ പ്രകാരം മലപ്പുറം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 660 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ